**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4887** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ പ്രകൃതികളിൽ ഇന്റർനെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങളെ കാലത്തിനൊത്ത് സഞ്ചരിക്കത്തക്ക പ്രാപ്തിയുള്ളവരാക്കി മാറ്റി തീർക്കുവാൻ സംസ്ഥാനത്തെ എല്ലാ പ്രകൃതികളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മൊബൈൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാത്ത പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ 4 ജി സാച്ചുറേഷന്റെ ഭാഗമായി ബി.എസ്.എൻ.എൽ മായി സഹകരിച്ചും കൂടാതെ മറ്റ് ഇന്റർനെറ്റ് സർവീസ് ദാതാക്കളുമായി സഹകരിച്ചും ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ വന്ന ശേഷം എത്ര പട്ടികവർഗ്ഗ പ്രകൃതികളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇന്റർനെറ്റ് സൗകര്യങ്ങൾ ഇല്ലായെന്ന് കണ്ടെത്തിയ ആകെ 1284 പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1119 എണ്ണത്തിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഗോത്ര സമൂഹത്തിന്റെ പൊതുവായ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ആഴ്ന്നിറങ്ങിയ മദ്യം, മയക്കു മരുന്ന് പോലുള്ള ദുശ്ശീലങ്ങൾക്കും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ശക്തമായ ബോധവത്ക്കരണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഗോത്രസമൂഹത്തിന്റെ പൊതുവായ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ദുശ്ശീലങ്ങൾക്കും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി ജനമൈത്രി പോലീസ്, എക്സൈസ്, ആരോഗ്യവകുപ്പ് എന്നിവരുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സാമൂഹ്യപഠനമുറികൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ